പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 118. 18-03-2013 -ൽ മറുപടിക്ക്.

## സ്കൂൾ-കോളേജുകൾ കേന്ദ്രീകരിച്ച് ബോധവൽക്കരണവും കൗൺസിലിംഗും

**ചോദ്യം**

ശ്രീ. സി. എഫ്. തോമസ്:
" റ്റി. യു. കുരുവിള:
" തോമസ് ഉണ്ണിയാടൻ:

സ്കൂൾ-കോളേജുകൾ കേന്ദ്രീകരിച്ച് എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവൽക്കരണവും കൗൺസിലിംഗും നടത്തുന്നതിന് ഉദ്ദേശ്യമുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**ഉത്തരം**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും
എക്സൈസും വകുപ്പു മന്ത്രി)

ഉണ്ട്. യുവാക്കളിൽ വർദ്ധിച്ചു വരുന്ന മദ്യാസക്തിയും മയക്ക് മരുന്ന് ഉപയോഗവും നിയന്ത്രിക്കുന്നതിന്, എക്സൈസ് വകുപ്പ്, ശക്തവും നൂതനവുമായ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി, സംസ്ഥാനത്തെ 783 സ്കൂളുകൾ കേന്ദ്രീകരിച്ച്, ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച്, സെമിനാറുകൾ, പോസ്റ്ററുകൾ, ഉപന്യാസ മത്സരം, ചിത്രരചനാ മത്സരം, വിദഗ്ദ്ധ ഡോക്ടർമാർ കൈകാര്യം ചെയ്യുന്ന ക്ലാസുകൾ എന്നിവ നടത്തി വരുന്നു. സ്കൂളുകളിലും പ്രധാന കവലകളിലും, എക്സൈസ് വകുപ്പ് നിർമ്മിച്ച, 'ദുരന്ത ലഹരി' എന്ന പേരിലുള്ള ഒരു ഡോക്യുമെന്ററി പ്രദർശിപ്പിച്ചു വരുന്നു.

(ഒപ്പ്)
സെക്ഷൻ ഓഫീസർ